# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 847** — **28.04.2017-ൽ മറുപടിക്ക്**

## ചുള്ളിമട പാലത്തിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ.ജി.സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിരുന്ന ആലത്തൂർ നിയോജക മണ്ഡലത്തിലെ ചുള്ളിമട പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനോട് ബന്ധപ്പെട്ട നിലവിലെ അവസ്ഥയെക്കുറിച്ച് വിശദീകരിക്കാമോ;<br><br>(ബി) ഭരണാനുമതി, ധനാനുമതി എന്നിവ പ്രസ്തുത പാലം നിർമ്മാണത്തിന് ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) & (ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി ചുള്ളിമട പാലത്തിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. [ഉത്തരവ് നമ്പർ ജി.ഒ (ആർ.ടി) നം. 1496/2016/PWD തീയതി 31.10.2016 Sl. No. 36]. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ വിശദമായ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) ചുള്ളിമടപാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (സി) ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും വിശദമായ ഡിസൈൻ ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.. |

S. Bindu

സെക്ഷൻ ഓഫീസർ